# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5532 18.11.2019-ൽ മറുപടിക്ക്

## <u>മാവോയിസ്റ്റുകളുടെ ആക്രമണം</u>

| | ചോദ്യം<br><br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം ഏതൊക്കെ ജില്ലകളിലാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ വനപ്രദേശങ്ങളിലും ആദിവാസി മേഖലകളിലുമാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സ്ഥിരീകരിച്ചിട്ടുള്ളത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവോയിസ്റ്റ് ആക്രമണത്തിൽ ആരെങ്കിലും കൊല്ലപ്പെടുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഇല്ല |
| (സി) | അട്ടപ്പാടി വനത്തിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവത്തിൽ പോലീസ് വെടിവച്ചത് സ്വയം രക്ഷയ്ക്കാണെന്ന വാദം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കുമോ; | (സി) | പോലീസ് റിപ്പോർട്ട് പ്രകാരം 28.10.2019-ൽ പാലക്കാട് അഗളി മേഖലയിൽ മേലേ മഞ്ചിക്കണ്ടി റിസർവ്വ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ മാവോയിസ്റ്റുകൾ പോലീസിന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ച് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീ ഉൾപ്പെടെ മൂന്നുപേർ കൊല്ലപ്പെടുകയുണ്ടായി.<br><br>29.10.2019-ന് കൊല്ലപ്പെട്ടവരുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടർ അടങ്ങിയ സംഘത്തിന് നേരെയും മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെടുകയാണുണ്ടായത്. ഈ സംഭവവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിന്റെ സമഗ്രവും കാര്യക്ഷമവുമായ അന്വേഷണവും നടന്നു വരുന്നു. കൂടാതെ CrPC സെക്ഷൻ 176 പ്രകാരം പാലക്കാട് ജില്ലാ കളക്ടറെ മജിസ്ട്രേറ്റുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും അന്വേഷണം നടന്നു വരികയുമാണ്. |
| (ഡി) | മാവോയിസ്റ്റുകളുടെ ആക്രമണത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റി; വെളിപ്പെടുത്തുമോ; | (ഡി) | ആർക്കും പരിക്ക് പറ്റിയിട്ടില്ല. |
| (ഇ) | ഏറ്റുമുട്ടൽ സംഭവങ്ങളിൽ ഉടൻ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യണമെന്ന സുപ്രീംകോടതി നിർദ്ദേശം ഇക്കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ; | (ഇ) | യഥാസമയം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (എഫ്) | സംഭവ സ്ഥലത്തുനിന്നും വിരലടയാളവും മറ്റ് ശാസ്ത്രീയ തെളിവുകളും ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ? | (എഫ്) | ഉണ്ട്. |

സെക്ഷൻ ഓഫീസർ